# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1260 03.12.2018 ൽ മറുപടിക്ക്

### പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 27.05.2016 ൽ 450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; | (എ) & (ബി) പള്ളുരുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ലഭിക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. |
| (സി) സ്ഥലം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (സി) ഭരണാനുമതി കിട്ടിയതു മുതൽ പല തവണ തഹസീൽദാരെയും ജില്ലാ കളക്ടറെയും സമീപിക്കുകയും കളക്ടർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. രാമേശ്വരം വില്ലേജ് സർവ്വേ നമ്പർ 1022 ൽ ഉൾപ്പെട്ട രാമേശ്വരം വില്ലേജ് ഓഫീസ് കോമ്പൗണ്ടും അതിന്റെ കിഴക്ക് ഭാഗത്തായി ചേർന്നു കിടക്കുന്ന ഇ.കെ നാരായണൻ നായർ മെമ്മോറിയൽ സ്ക്വയറും ഉൾപ്പെടുത്തി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഉപയോഗപ്പെടുത്താൻ കഴിയും എന്ന് ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഈ പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി എന്നാണ് തീർന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) 26/05/2018 ഈ പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചു. |

| | | |
|---|---|---|
| (ഇ) | കാലാവധി നീട്ടിക്കിട്ടുന്നതിനായി (ഇ) അപേക്ഷ സമർപ്പിച്ചിരുന്നോ; പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ? | ഭരണാനുമതി പുതുക്കി കിട്ടുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ ഭരണാനുമതി പുതുക്കുന്നതിനുള്ള നടപടികൾ ഫിനാൻസ് നോഡൽ ഓഫീസറുടെ കാര്യാലയത്തിലാണ് ചെയ്യേണ്ടത് എന്നറിയിച്ച് രേഖകൾ തിരികെ കളക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതിനനുസരിച്ച് ഭരണാനുമതി പുതുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**